പൊതു വിദ്യാഭ്യാസ വകുപ്പ് - ഡയറ്റ് എറണാകുളം

'വൈഭവം 2021'

**എസ്.എസ്.എൽ.സി പരീക്ഷ അക്കാദമിക പിന്തുണ**

# കേരളപാഠാവലി

T 11

സമയം : 45 മിനിറ്റ്

സ്കോർ : 20

---

പൊതുനിർദ്ദേശങ്ങൾ

- താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 20 സ്കോർ ആയിരിക്കും.
- ഉത്തരമെഴുതുമ്പോൾ സ്കോർ,സമയം എന്നിവ പരിഗണിക്കണം.

---

1. പണ്ടുനിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ, സപദി <u>വല്ലിയായി</u> നീ.
- അടിവരയിട്ട ഭാഗം സൂചിപ്പിക്കുന്നത്?

(ജീവിതലക്ഷ്യം കൈവരിച്ചതിലെ സന്തോഷം, പരാശ്രയത്വം, രൂപപരമായ മാറ്റം, ജീവിതമാറ്റം) (സ്കോർ 1)

2. 'പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ-
ധാരയാർന്ന പനിനീർസുമോപമം'
പനിനീർ പൂവിന് സമമെന്ന് കവി വിശേഷിപ്പിക്കുന്നതെന്തിനെ? (സ്കോർ 1)

3. "അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി."
-ഈ പ്രയോഗം സന്ദർഭത്തിനു നൽകുന്ന ഭാവതീവ്രത വ്യക്തമാക്കുക. (സ്കോർ 2)

4. ''മാഡം എത്രയോ തവണ എനിക്കു കാപ്പി തന്നിട്ടുണ്ട്. എന്നാൽ ഇത്രയും രുചി തോന്നിയിട്ടില്ല. വയററിയാതെ കഴിച്ചുപോവുന്നു.''
സുധീർ ഇങ്ങനെ പറയാൻ ഇടയായ സാഹചര്യം വ്യക്തമാക്കുക. (സ്കോർ 2)

5. 'ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ'
-തന്നിരിക്കുന്ന വരികളിലെ കാവ്യപരമായ രണ്ടു സവിശേഷതകൾ കണ്ടെത്തിയെഴുതുക. (സ്കോർ 2)

6. 'വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽ നിന്നു കൂട്ട നിലവിളി ഉയർന്നു.'- ഈ വാക്യത്തിൽ നിന്നു ലഭ്യമാകുന്ന രണ്ട് സൂചനകൾ എന്തെല്ലാം? കഥാസന്ദർഭം മുൻനിർത്തി എഴുതുക. (സ്കോർ 2)

7. ''പാരവും പരിചയം കലർന്നെഴും
പേരുമീ മധുരമായ കണ്ടവും
സാരമായ് സ്മൃതിയിൽ നീയുമിപ്പോൾ നിൻ
ദൂരമാം ഭവനവും വരുന്നയേ!'' - പ്രിയദർശനം

''രൂപം കൊണ്ട് തിരിച്ചറിയാത്ത വ്യക്തിയെ സ്വരം കൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു.'' - വിശ്വരൂപം

ഏറെക്കാലം വേർപെട്ട് നിന്നാലും സ്നേഹബന്ധങ്ങളുടെ തീവ്രതയ്ക്ക് മാറ്റം വരുന്നില്ല. രണ്ടു പാഠസന്ദർഭങ്ങളും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (സ്കോർ 4)

8. "മാഡം തലത്ത് മരിച്ചുപോയി മോനേ. ഡോക്ടർ തലത്തിനൊപ്പം അവരും പോയി. ഇത് അമ്മയാണ് താഴത്ത് കുഞ്ഞുക്കുട്ടിയമ്മ." മാഡം തലത്ത് സ്വന്തം ജീവിതത്തെക്കുറിച്ച് നടത്തുന്ന ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക. (സ്കോർ 4)

9. ലഘൂപന്യാസം തയ്യാറാക്കുക (സ്കോർ 6)
ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക. രചനാതന്ത്രം, ഭാഷാശൈലി, പാത്രസൃഷ്ടി ഇവ പരിഗണിക്കണം.

10. കഥാപാത്രനിരൂപണം തയ്യാറാക്കുക. (സ്കോർ 6)
കടൽത്തീരത്ത് എന്ന കഥയിൽ നിറഞ്ഞുനിൽക്കുന്ന കഥാപാത്രമാണ് വെള്ളായിയപ്പൻ. കഥാസന്ദർഭങ്ങൾ മുൻനിർത്തി വെള്ളായിയപ്പനെക്കുറിച്ചുള്ള കഥാപാത്രനിരൂപണം തയ്യാറാക്കുക.

-000-